# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:T6553      21.11.2019-ൽ മറുപടിയ്ക്ക്

**കെട്ടിടങ്ങൾക്കുള്ള ഒറ്റത്തവണ നികുതി**

| ചോദ്യം<br>ശ്രീ.പി.ടി.എ. റഹീം: | | മറുപടി<br>ഇ.ചന്ദ്രശേഖരൻ<br>(ബഹു.റവന്യൂവും ഭവനനിർമ്മാണവും<br>വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | സർക്കാരിന്റെ മുഖ്യ വരുമാന സ്രോതസ്സുകളിൽ ഒന്നായ കെട്ടിടങ്ങൾക്കുള്ള ഒറ്റത്തവണ നികുതി, ആഡംബര നികുതി എന്നിവ നിർണ്ണയിക്കുന്നതിൽ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. കെട്ടിടം പണി പൂർത്തിയാകുന്ന മുറയ്ക്ക് കെട്ടിട ഉടമ ഫോം II ൽ കെട്ടിട നികുതി നിർണ്ണയം സംബന്ധിച്ച റിട്ടേൺ സമർപ്പിക്കേണ്ടതുണ്ടെങ്കിലും ആയത് യഥാസമയം സമർപ്പിക്കാത്തതു കാരണം കെട്ടിടം കണ്ടുപിടിച്ച് നികുതി നിർണ്ണയം നടത്തുന്നതിൽ കാലതാമസം നേരിടാറുണ്ട്. പ്രസ്തുത കാലതാമസം ഒഴിവാക്കാനായി തദ്ദേശ സ്വയംഭരണ വകുപ്പ് അധികൃതർ അംഗീകരിച്ച് നൽകുന്ന പ്ലാനിന്റെയോ കംപ്ലീഷൻ സർട്ടിഫിക്കറ്റിന്റെയോ അടിസ്ഥാനത്തിൽ ഒറ്റത്തവണ നികുതി, ആഡംബര നികുതി ഈടാക്കുന്നതിനുള്ള 1975-ലെ കേരള കെട്ടിട നികുതി നിയമ ഭേദഗതി നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ്. |
| (ബി) | കംപ്ലീഷൻ സർട്ടിഫിക്കറ്റ് നൽകിയ കെട്ടിടങ്ങളുടെ വിശദാംശങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപന ങ്ങളിൽ നിന്ന് റവന്യൂ വകുപ്പിൽ ലഭ്യമാക്കുന്നതിന് എന്ത് നടപടി കളാണ് നിലവിൽ സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | പഞ്ചായത്ത്, മുൻസിപ്പാലിറ്റി/ മുൻസിപ്പൽ കോർപ്പറേഷൻ എന്നിവിടങ്ങളിൽ കെട്ടിടങ്ങൾക്ക് പെർമിറ്റ് നൽകുമ്പോൾ ആയതിന്റെ ഒരു പകർപ്പ് ഒറ്റത്തവണ നികുതി നിർണ്ണയിക്കൽ സംബന്ധിച്ചുള്ള നടപടികൾ സ്വീകരിക്കുന്നതിനായി റവന്യൂ അധികാരികൾക്ക് ലഭ്യമാക്കുവാൻ 09.09.2016 തീയതിയിലെ 80/ആർ.ഡി1/16/ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ |

| | | | |
|---|---|---|---|
| | | | സെക്രട്ടറിമാർക്കും നിർദ്ദേശം നൽകിയിരുന്നു. സർക്കുലറിന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. |
| **(സി)** | തദ്ദേശ സ്വയംഭരണ വകുപ്പ് കെട്ടിട നിർമ്മാണ അനുമതി യുമായി ബന്ധപ്പെട്ട കാര്യങ്ങൾക്ക് നിലവിൽ ഉപയോഗിച്ചുവരുന്ന സഞ്ജയ ഓൺലൈൻ സോഫ്റ്റ്വെയറിൽ നിന്ന് കൃത്യമായ വിവരങ്ങൾ റവന്യൂ വകുപ്പിനും ധനകാര്യ വകുപ്പിനും തൽസമയം കൈമാറുന്നതിന് നടപടി സ്വീകരിക്കുമോ? | **(സി)** | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഉപയോഗിച്ചു വരുന്ന സഞ്ജയ സോഫ്റ്റ്വെയറിലെ വിവരങ്ങൾ റിപ്പോർട്ടിംഗ് ഓഫീസർമാരായ വില്ലേജ് ഓഫീസർ മാർക്കുകൂടി ലഭ്യമാക്കുന്നതിലേക്കായി ഐഡി, പാസ്‌വേർഡ് തുടങ്ങിയവ അനുവദിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു |

**സെക്ഷൻ ഓഫീസർ**

കേരള സർക്കാർ

നമ്പർ. 80/ആർ.ഡി.1/16/ത.സ്വ.ഭ.വ
തദ്ദേശസ്വയംഭരണ (ആർ.ഡി) വകുപ്പ്
തിരുവനന്തപുരം,
തീയതി: 09 /9/16

## സർക്കുലർ

വിഷയം:- തദ്ദേശസ്വയംഭരണ വകുപ്പ് - കെട്ടിട നിർമ്മാണ പെർമിറ്റ് നൽകുമ്പോൾ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച്.

സൂചന:- 1. സർക്കാരിന്റെ 09/07/15-ലെ സ.ഉ(എം.എസ്) നം.231/15/തസ്വഭവ നമ്പർ ഉത്തരവ്.

2. 16/08/16-ന് ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ ചേംബറിൽ വച്ച് നടന്ന യോഗത്തിലെ തീരുമാനങ്ങൾ.

പഞ്ചായത്ത്, മുനിസിപ്പാലിറ്റി/മുനിസിപ്പൽ കോർപ്പറേഷൻ എന്നിവിടങ്ങളിൽ വസ്തു നികുതി ഈടാക്കുന്നതുമായി ബന്ധപ്പെട്ട് സൂചന 1-പ്രകാരം പുറപ്പെടുവിച്ച ഉത്തരവിലെ നടപടിക്രമങ്ങൾ ത്വരിതപ്പെടുത്തുന്നതിനായി താഴെ പറയുന്ന നിർ ദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

പഞ്ചായത്ത്, മുനിസിപ്പാലിറ്റി/മുനിസിപ്പൽ കോർപ്പറേഷൻ എന്നിവിടങ്ങളിലെ കെട്ടിടങ്ങൾക്ക് പെർമിറ്റ് നല്കുമ്പോൾ ആയതിന്റെ ഒരു പകർപ്പ് ഒറ്റത്തവണ നികുതി നിർണ്ണയിക്കൽ സംബന്ധിച്ചുള്ള നടപടികൾ സ്വീകരിക്കുന്നതിനായി ബന്ധപ്പെട്ട റവന്യൂ അധികാരികൾക്ക് ലഭ്യമാക്കേണ്ടതാണ്. മേൽ നിർ ദ്ദേശം എല്ലാ പഞ്ചായത്ത്, മുനിസിപ്പാലിറ്റി/മുൻസിപ്പൽ കോർപ്പറേഷൻ സെക്രട്ടറിമാരും കർശനമായി പാലിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് പഞ്ചായത്ത്/മുനിസിപ്പൽ കെട്ടിട നികുതി ചട്ടങ്ങളിൽ ആവശ്യമായ ഭേദഗതി പിന്നീട് വരുത്തുന്നതാണ്.

ടി.പി.വിജയകുമാർ
സ്പെഷ്യൽ സെക്രട്ടറി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

SO

പഞ്ചായത്ത് ഡയറക്ടർ , തിരുവനന്തപുരം.

എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന).

എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന).

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.